LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണം

246 (3453) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽ വാർഡ് അടിസ്ഥാനത്തിൽ വീടുകളിൽ പൈപ്പുകൾ സ്ഥാപിച്ച് ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും കുടുംബശ്രീകൾ വഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള പദ്ധതിക്ക് പ്രചാരണം കൊടുക്കുന്നതിനും പ്രസ്തുത പദ്ധതി വ്യാപകമായി നടപ്പിലാക്കുന്നതിനും പ്രായോഗിക നടപടി സ്വീകരിക്കുമോ ?

ഉത്തരം

വീടുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ കമ്പോസ്റ്റിംഗ് സംവിധാനം വഴിയോ ബയോഗ്യാസ് സംവിധാനം വഴിയോ വീടുകളിൽതന്നെ സംസ്കരിക്കുന്നതിന് വിവിധ ഉറവിട മാലിന്യ സംവിധാനങ്ങളും കൂടാതെ സ്ഥാപനതലത്തിലും കമ്മ്യൂണിറ്റി തലത്തിലും ഇത്തരം സംവിധാനം ശുചിത്വ മിഷൻമുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഘട്ടംഘട്ടമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിച്ച് രണ്ടോ മൂന്നോ വാർഡുകൾ കേന്ദ്രീകരിച്ച് സജ്ജമാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്.) കേന്ദ്രങ്ങളിൽ എത്തിച്ച് അവ വൃത്തിയാക്കി തരംതിരിച്ച് റീസൈക്ലേഴ്സിന് കൈമാറുക എന്നുള്ളതാണ് ശുചിത്വ മിഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ്. ഇപ്രകാരം പ്ലാറ്റിക് വേസ്റ്റ് ശേഖരിച്ച് അവ തരംതിരിച്ച് വിൽക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണ/പ്രചാരണ പരിപാടികൾക്കും കുടുംബശ്രീ പോലുള്ള സംഘടനകളെ ഉപയോഗപ്പെടുത്താവുന്നതാണ്.

കുടുംബശ്രീക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

247 (3454) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയുടെ നടത്തിപ്പിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ വർഷവും എത്രയെന്നും വ്യക്തമാക്കാമോ; മാച്ചിംഗ് ഗ്രാന്റ് ഉൾപ്പെടെയുള്ള തുകയിൽ എത്ര രൂപയുടെ കുറവ് വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?